**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1743 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **ആർ.ഐ.ഡി.എഫിൽഉൾപ്പെടുത്തിയ അംഗൻവാടികളുടെ നിർമ്മാണം/പുനർനിർമ്മാണം** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ജി.എസ്.ജയലാൽ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സാമൂഹ്യക്ഷേമവകുപ്പിൽ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി അംഗൻവാടികൾ നിർമ്മിക്കുവാൻ /പുനർനിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ അംഗൻവാടികളാണ് പ്രസ്തുത പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) ഒരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രൊജക്ട് റിപ്പോർട്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏതൊക്കെ അംഗൻവാടികളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പഞ്ചായത്ത് ഏരിയായിൽ മാത്രം 7 ലക്ഷം രൂപ ചെലവിൽ സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അംഗൻവാടികളെയും പൊളിഞ്ഞ് വീഴാറായ അംഗൻവാടികളെയുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | അംഗൻവാടികളുടെ നിർമ്മാണം/ പുനർനിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും, പദ്ധതിയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ ? | (സി) NABARD/RIDF പദ്ധതി പ്രകാരം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന ഒന്നാം പിരിവിൽ പരാമർശിക്കുന്ന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നബാർഡിന് നൽകി, അന്തിമ അനുമതിക്ക് ശേഷം പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ് |

സെക്ഷൻ ഓഫീസർ